"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 22/02/2021

നമ്പർ:DT/5983/2019- E5

**<u>ചുറ്ററിയിപ്പ്</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് - കണ്ടംമിനേഷൻ നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) അഡീഷണൽ ഡയറക്ടറുടെ ഇതേ നമ്പരായ 16/01/2021 ലെ കീഴെഴുത്ത്
2) സ. ഉ (കൈ) നം 60/2020/ തൊഴിൽ നമ്പരായ 31/12/2020 ലെ ഉത്തരവ്

സൂചനകൾ ശ്രദ്ധിച്ചാലും. വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കണ്ടംനേഷനായി ഉദ്യോഗസ്ഥരുടെ സാമ്പത്തിക അധികാരപരിധി ഉയർത്തികൊണ്ട് സർക്കാരിൽ നിന്നും ലഭിച്ച സൂചന (2) പ്രകാരമുള്ള ഉത്തരവ് അറിവിലേക്കും തുടർനടപടികൾക്കായും സൂചന (1 ) പ്രകാരം എല്ലാ സ്ഥാപനമേധാവികൾക്കും നല്കിയിട്ടുള്ളതാണ്. എന്നാൽ പല സ്ഥാപനമേധാവികളും അവരുടെ അധികാരപരിധി നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് കണ്ടംനേഷനും മായി ബന്ധപ്പെട്ട അപേക്ഷകൾ സമർപ്പിക്കാതെ ഈ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സൂചന (2 ) പ്രകാരം സാമ്പത്തിക അധികാരപരിധി നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് സ്ഥാപനമേധാവികൾ അപേക്ഷ സമർപ്പിക്കേണ്ടതാണ് . ഹെഡ് ഓഫീസിലെ ജോലിഭാരം കണക്കിലെടുത്ത് 50000/- രൂപ വരെ പുസ്തകവിലയുള്ള കണ്ടംനേഷൻ ശുപാർശ റീജിയണൽ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ജോയിന്റ് ഡയറക്ടർ (RDT) ക്ക് ആവശ്യമെങ്കിൽ കമ്മിറ്റിയെ നിയോഗിക്കാവുന്നതുമാണ്.

JUSTINRAJ B, ADT DTTVPM, O/O ADT DTTVPM
**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

**സ്വീകർത്താവ്** : എല്ലാ ഐ ടി മാർക്കും , ഐ ടി ഐ, ബി ടി സി പ്രിൻസിപ്പാൾമാർക്കും ,ആർ ഐ സെന്റർ ട്രെയിനിംഗ് ഓഫീസർ മാർക്കും

**കോപ്പി** : 1 ) എ ജി കേരള (2 ) സ്റ്റോക്ക് ഫയൽ

// അംഗീകാരത്തോടെ //

ജൂനിയർ സൂപ്രണ്ട്

File No.LBRD-C2 7 2020-LBRD

"ഭരണഭാഷ- മാതൃഭാഷ"

0 5 JAN 2021

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കണ്ടംനേഷൻ നടപടികൾ സ്വീകരിക്കുന്നതിനായി ഉദ്യോഗസ്ഥരുടെ സാമ്പത്തിക അധികാര പരിധി ഉയർത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

**സ.ഉ.(കൈ) നം.60/2020/തൊഴിൽ** തീയതി,തിരുവനന്തപുരം, 31/12/2020

---

പരാമർശം:- 1) സ.ഉ(കൈ) നം. 9/2012 തൊഴിൽ. തീയതി 17.01.2012

2) സ. ഉ(അ) നം. 102/2017 ധന. തീയതി 07.08.2017

3) ട്രെയിനിംഗ് ഡയറക്ടറുടെ 27.12.2019-ലെ ഡിടി/5983/2019-ഇ5 നമ്പർ കത്ത്

4) സ. ഉ.(സാധാ.)നം.828/2020/തൊഴിൽ, തീയതി 21.08.2020

5) 09.12.2020 ൽ ചേർന്ന എംപവേർഡ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ്.

<u>ഉത്തരവ്</u>

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന ഉപയോഗശൂന്യമായ സാധനങ്ങളും മറ്റ് പാഴ്‌വസ്തുക്കളും ലേലം ചെയ്ത് നീക്കുന്നതിന് പരാമർശം 2 പ്രകാരം വകുപ്പ് മേധാവിക്ക് 15 ലക്ഷം രൂപ വരെ പുസ്തക വിലയുള്ള ഐറ്റങ്ങൾ കണ്ടം ചെയ്യുന്നതിന് അധികാരമുണ്ട്. വകുപ്പിലെ മറ്റ് ജീവനക്കാരുടെ അധികാര പരിധി പരാമർശം - 1 പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി ഉദ്യോഗസ്ഥരുടെ നിലവിലുള്ള സാമ്പത്തിക പരിധി അപര്യാപ്തമായതിനാൽ കണ്ടംനേഷൻ നടപടികളിൽ കാലതാമസം നേരിടുന്നുണ്ട് എന്നും ആയതിനാൽ ഉദ്യോഗസ്ഥരുടെ അധികാരപരിധി വർദ്ധിപ്പിക്കുന്നതിനും വാർഷികപരിധി ഒഴിവാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം 3 ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു

2) വ്യാവസായിക പരിശീലന വകുപ്പിലെ സബോർഡിനേറ്റ് ഓഫീസർമാരുടെ സാമ്പത്തിക അധികാര പരിധി ഉയർത്തുന്ന വിഷയം പരിശോധിക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ, ഉദ്യോഗസ്ഥ ഭരണ വകുപ്പ്, ധനകാര്യ വകുപ്പ് പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട എംപവേർഡ് കമ്മിറ്റി പരാമർശം - 4 പ്രകാരം രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി 9.12.2020-ന് യോഗം ചേരുകയും ട്രെയിനിംഗ് ഡയറക്ടറുടെ പരാമർശം - 3 ലെ ശുപാർശ കമ്മിറ്റി വിശദമായി പരിശോധിക്കുകയും ഉദ്യോഗസ്ഥരുടെ സാമ്പത്തിക അധികാര പരിധി ഉയർത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

3) എംപവേർഡ് കമ്മിറ്റിയുടെ തീരുമാനം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കണ്ടംനേഷൻ നടപടികൾ സ്വീകരിക്കുന്നതിനായി ഉദ്യോഗസ്ഥരുടെ സാമ്പത്തിക അധികാര പരിധി ചുവടെ ചേർക്കും പ്രകാരം ഉയർത്തി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തിക | പുസ്തകവില | വാർഷിക പരിധി |
|---|---|---|---|
| 1 | ഐ. ടി. ഐ. പ്രിൻസിപ്പാൾ | 15,000/- | 75,000/- |
| 2 | AVTS പ്രിൻസിപ്പാൾ | 15,000 | 75,000 |

| | | | |
|---|---|---|---|
| 3 | ട്രെയിനിംഗ് ഓഫീസർ | 2,500/- | 10,000/- |
| 4 | ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് | 25,000/- | 1,50,000/- |
| 5 | ജോയിന്റ് ഡയറക്ടർ (HQ) & (RDT) | 50,000/- | 5 ലക്ഷം |
| 6 | അഡീഷണൽ ഡയറക്ടർ | 1,00,000/- | 10 ലക്ഷം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിഷ എസ്**

**അഡീഷണൽ സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് /എ & ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (03.07.2020 ലെ 1523473/തൊഴിൽ1/2020/ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം.)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ( 25.06.2020 ലെ 156/എ.ആർ 13(2)/2020/ഉ.ഭ.പ.വ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം.)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by [illegible] THOMAS
Date: 2021 [illegible] 10:30:50 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്